ഉപഭോക്തൃ സങ്കട പരിഹാര ഫോറം

വൈദ്യുതി വിഭാഗം, തൃശ്ശൂർ കോർപ്പറേഷൻ
തൃശ്ശൂർ - 680 001.

നമ്പർ : CGRF – 6519/25 തിയ്യതി : 29.09.2025

ഹാജർ

ടി. എസ്. ജോസ് - ചെയർപേഴ്സൺ
കെ.വിനുകൃഷ്ണൻ - മെമ്പർ
അഡ്വ. അസിയ.പി.കെ - മെമ്പർ

അശ്വതി. പി.
1 B. Renaissance Daffodils പരാതിക്കാരൻ
പറക്കോട്ട് ലെയിൻ, പാട്ടുരായ്ക്കൽ
തിരുവമ്പാടി - 680 002.

ലൈസൻസിയ്ക്കു വേണ്ടി
അസിസ്റ്റന്റ് സെക്രട്ടറി,
വൈദ്യുതി വിഭാഗം എതിർകക്ഷി
തൃശ്ശൂർ കോർപ്പറേഷൻ
തൃശ്ശൂർ - 680 001.

പരാതിയുടെ സംക്ഷിപ്ത രൂപം :

അശ്വതി. പി. യുടെ പേരിലുള്ള 15607 – B കൺസ്യൂമർ നമ്പറിലെ മീറ്റർ പ്രവർത്തിക്കാത്തതിനെ തുടർന്ന് പരാതിക്കാരി, വൈദ്യുതി വിഭാഗം ഓഫീസുമായി ബന്ധപ്പെട്ടതിനെ തുടർന്ന് 19.09.2025 ലെ 608272 നമ്പർ ബില്ല് MF (meter fault) രേഖപ്പെടുത്തി നൽകി. ഈ ബില്ലിൽ ഉപയോഗിച്ച യഥാർത്ഥ യൂണിറ്റ് കാണുന്നില്ല. പുതിയ റീഡിങ്ങും പഴയ റീഡിങ്ങും ഉൾപ്പെടുത്തി പുതിയ ബില്ല് നൽകണമെന്നതാണ് പരാതി.

ഫോറത്തിന്റെ നടപടികൾ :

22.09.2025 ന് ഫോറം പരാതി ഫയലിൽ സ്വീകരിച്ചു. ബില്ലിങ്ങ് സെക്ഷനിൽ നിന്നും സത്യവാങ്മൂലം ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ടു. 29.09.2025 ന് ഫോറം ചേർന്ന് പരാതി വിശദമായി പരിശോധിച്ചു.

വിഷയത്തിൽ ബില്ലിങ്ങ് സെക്ഷൻ സമർപ്പിച്ച സത്യവാങ്മൂലം.

15607 - B സർവ്വീസ് കണക്ഷനിലെ മീറ്റർ റീഡർ നൽകിയിട്ടുള്ള ബിൽ പ്രകാരം അവസാന 3 ബില്ലുകളിലെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

Bill date	PMR	CMR	Unit	Total Demand
17.03.2025	33910	34530	620	5597
15.05.2025	34530	35516	986	9258
18.07.2025	35516	36064	548	4313

19.09.2025 ലെ റീഡിങ്ങ് മീറ്റർ ഫോൾട്ടി ആയി രേഖപ്പെടുത്തി ആവറേജ് ആയ 718 യൂണിറ്റിന് ബിൽ നൽകിയിട്ടുള്ളതാണ്.

ഫോറത്തിന്റെ നിഗമനം :

മീറ്റർ കേടായതിനാൽ മൂന്ന് മാസത്തെ ശരാശരി യൂണിറ്റിന് MF (Meter fault) ബില്ല് നൽകിയതായി കാണുന്നു. വിവരം ഉപഭോക്താവിനെ ബോധ്യപ്പെടുത്തേണ്ടതുണ്ട്.

ഉത്തരവ്:

ഏതൊക്കെ മാസങ്ങളിലെ ബില്ലുകളിലെ യൂണിറ്റുകളുടെ ശരാശരികൾ ഏത് വിധം കണക്കാക്കിയാണ് 19.09.2025 ലെ MF (Meter fault) ബില്ല് നൽകിയത് എന്ന വിശദാംശങ്ങൾ കൃത്യമായി ഉൾപ്പെടുത്തിക്കൊണ്ട് പരാതിക്കാരനെ അറിയിക്കുന്നതിന് ലൈസൻസിയെ ചുമതലപ്പെടുത്തി ഉത്തരവായി.

അഡ്വ. അസിയ.പി.കെ	വിനുകൃഷ്ണൻ. കെ	ടി.എസ്. ജോസ്
മെമ്പർ	മെമ്പർ	ചെയർപേഴ്സൺ